<u>മി. സ്പീക്കർ</u>: ഇന്ന് നിയമസഭ ഉച്ചയ്ക്ക് ഒന്നര മണിക്കൂർ ബ്രേക്ക് എടുത്തിട്ട് രണ്ടുമൂന്ന് കാര്യങ്ങൾ നേരത്തെ കാര്യോപദേശക സമിതി തീരുമാനിച്ചിരുന്നു. ഇന്ന് നിയമസഭാ അംഗങ്ങളെല്ലാവരും കൂടി ചേർന്ന് ഫോട്ടോ എടുക്കണമെന്നും നിയമസഭാ അംഗങ്ങളും പത്രക്കാരും മാധ്യമ പ്രവർത്തകരും ഒരുമിച്ചുചേർന്ന് ഭക്ഷണം കഴിക്കണമെന്നും തീരുമാനിച്ചിരുന്നു. പക്ഷേ യോജിച്ച ഒരന്തരീക്ഷമില്ലാത്ത സാഹചര്യത്തിൽ അത് രണ്ടും മാറ്റുന്നു. പതിമൂന്നാം കേരള നിയമസഭയുടെ ഫോട്ടോ ആവശ്യമായതുകൊണ്ട് ഫോട്ടോ എടുത്തേ മതിയാകൂ. ഇനിയിപ്പോൾ അസംബ്ലി തെരഞ്ഞെടുപ്പിലേയ്ക്ക് പോകുകയാണ്. തെരഞ്ഞെടുപ്പെല്ലാം കഴിഞ്ഞ് നല്ല സമാധാനപരമായ ഒരന്തരീക്ഷത്തിൽ വീണ്ടും ഒരുമിച്ച് ഇവിടെ ചേരുകയും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്യണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, നിയമസഭയ്ക്കകത്ത് ഇനി ഇരിക്കാമോ?

<u>മി. സ്പീക്കർ</u>: ഇന്ന് സഭ പിരിഞ്ഞുകഴിഞ്ഞാൽ നിയമസഭയ്ക്കകത്ത് ഇരിക്കാൻ കഴിയില്ല. താഴത്തെ മെമ്പേഴ്സ് ലോഞ്ചിൽ മാത്രമെ പറ്റുകയുള്ളൂ. മറ്റൊന്ന് നമ്മൾ തീരുമാനിച്ചിരുന്നത്, മുൻ സ്പീക്കറുടെ പേരിൽ ഏർപ്പെടുത്തിയ

മാധ്യമ അവാർഡിന് അർഹതപ്പെട്ടവരെ തെരഞ്ഞെടുത്തിട്ടുണ്ട്. അതൊരു സമ്മേളനമായി ചേർന്ന് ആ മാധ്യമ അവാർഡ് ഇന്ന് കൊടുക്കണമെന്ന് തീരുമാനിച്ചിരുന്നു. അതോടൊപ്പം നിയമസഭയിലെ രണ്ട് ഹാളുകൾക്ക് രണ്ട് മുൻ സ്പീക്കർമാരുടെ നാമകരണം ചെയ്യുന്ന ചടങ്ങുമാണ് വച്ചിരുന്നത്. മാധ്യമങ്ങൾക്കുള്ള അവാർഡ് താമസിപ്പിക്കാൻ കഴിയില്ല. ഈ നിയമസഭയിലെ ഹാളുകൾക്ക് രണ്ട് മുൻ സ്പീക്കർമാരുടെ പേരിടുന്ന ചടങ്ങ് ഈ തെരഞ്ഞെടുപ്പിനുശേഷം നടത്തുന്നത് ശരിയല്ല. അതുകൊണ്ട് ഈ രണ്ട് ചടങ്ങുകളും നാളെ ഉച്ചയ്ക്ക് 2.30-ന് നടത്തുകയാണ്. കഴിയുന്നിടത്തോളം അംഗങ്ങൾ നാളെ ഈ ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്ന് വൈകുന്നേരം ആറ് മണിക്ക് ജൈവ കാർഷിക മണ്ഡലം അവാർഡ് കൊടുക്കുന്നതിന് നേരത്തെ തീരുമാനിച്ചിരുന്നു. അത് ഞാൻ വായിക്കാം.

കേരളത്തിൽ 2016 അവസാനമാകുമ്പോഴേയ്ക്കും ജൈവ കാർഷിക മണ്ഡലമായി രൂപപ്പെടുത്തുന്നതിന് കേരളത്തിലെ കാർഷിക മേഖലയ്ക്കും ജൈവ കൃഷി വ്യാപനത്തിനും വേണ്ടി വിവിധ പദ്ധതികളും പ്രോത്സാഹന പരിപാടികളും നടത്തിവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷക്കാലം മികച്ച രീതിയിൽ ജൈവകൃഷി നടപ്പിലാക്കിയ

നിയോജകമണ്ഡലത്തിന് കാർഷിക വികസന കർഷക ക്ഷേമ അവർഡ് ജേതാക്കളായ നിയോജക മണ്ഡലത്തിന് 2016 ഫെബ്രുവരി 24-ന് വൈകുന്നേരം ആറ് മണിക്ക് നിയമസഭാ മെമ്പേഴ്സ് ലോഞ്ചിൽ വച്ച് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭാ സാമാജികർക്ക് നൽകുകയാണ്. ഇന്ന് വൈകുന്നേരം നടക്കുന്ന ഈ ചടങ്ങിലും തുടർന്ന് നടക്കുന്ന അത്താഴ വിരുന്നിലും മുഴുവൻ നിയമസഭാ സാമാജികരും മാധ്യമ സുഹൃത്തുക്കളും പങ്കെടുക്കണമെന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രിക്കുവേണ്ടി ചെയർ ഈ സഭയെ അറിയിക്കുന്നു. ഈ പരിപാടി മാറ്റിയിട്ടില്ല. ഇന്ന് വൈകുന്നേരം ആറ് മണിക്കാണ് ഈ പരിപാടി.